വിദ്യുച്ഛക്തിയിൽ വരുന്ന ഏറക്കുറച്ചിലും അടിക്കടി ഇല്ലാതാകുകയും ചെയ്യുമ്പോഴും പമ്പിംഗ് മെയിനിലുണ്ടാകുന്ന വർദ്ധിച്ച സമ്മർദ്ദം കാരണം പൈപ്പ് പൊട്ടാതിരിക്കാനുള്ള മർദ്ദലഘൂകരണ യന്ത്രം ഘടിപ്പിച്ചു. വിയറിന്റെ ചോർച്ച തടഞ്ഞു നിർത്താനുള്ള സംവിധാനം ഏർപ്പെടുത്തി. അടിക്കടി പൊട്ടിക്കൊണ്ടിരിക്കുന്ന പൈപ്പുകൾമാറി കാസ്റ്റ് അയേൺ പൈപ്പുകൾ സ്ഥാപിക്കുന്നതിലേയ്ക്കായുള്ള ദർഘാസുകൾ ക്ഷണിച്ച് പണി തുടങ്ങിക്കഴിഞ്ഞു.

കണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭ്യമാക്കാൻ രണ്ട് ഓവർ ഹെഡ് ടാങ്കുകളുടെ (കക്കാട്, കസാനക്കോട്ട) പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഇവയിൽ കക്കാടിന്റെ പണികൾ പൂർത്തിയായി. കസാനക്കോട്ടയിലുള്ള പണികൾ ഉടൻ തന്നെ പൂർത്തീകരിക്കും. ഈ ടാങ്കുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ ജോലികളും ആരംഭിച്ചു കഴിഞ്ഞു.

(ബി) മേൽപ്പറഞ്ഞ ഇടക്കാല വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ അപര്യാപ്തത ഏറെക്കുറെ പരിഹരിയ്ക്കാൻ കഴിയും. ശാശ്വത പരിഹാരത്തിനായി ഒരു ബൃഹത്തായ വിപുലീകരണ പദ്ധതിയുടെ എസ്റ്റിമേറ് തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരികയാണ്.

പാമ്പാടി ശുദ്ധജല വിതരണ പദ്ധതി

431 [468] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി ശുദ്ധജലവിതരണ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചു കഴിഞ്ഞോ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം അനുമതി വാങ്ങുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

കിളിമാനൂർ നിയോജക മണ്ഡലത്തിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതി

432 [469] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതിക്ക് ഇതേ വരെ ചെലവഴിച്ച സംഖ്യ എത്ര;

(ബി) ഇതിൽ പൈപ്പ് വാങ്ങിയ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly